# കേരള നിയമസഭ
# 20.06.2014-ലെ മറുപടിക്ക്

## പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം
2014 ജൂൺ 20, വെള്ളി
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ - 30)

| മറുപടി നൽകുന്ന മന്ത്രിമാർ |
|---|
| ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി |
| നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി |
| കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി |
| പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |

### കടബാദ്ധ്യതമൂലമുള്ള കർഷക ആത്മഹത്യ

*271 ശ്രീമതി കെ. കെ. ലതിക
ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, സാജു പോൾ
,, പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കർഷക ആത്മഹത്യ തടയാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) കർഷക ആത്മഹത്യ സംബന്ധിച്ച് പഠനം നടത്തുന്നതിന് കമ്മീഷനെ നിയോഗിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 20.06.2014–ലെ മറുപടിക്ക്

<u>കേരള സർവ്വ വിജ്ഞാനകോശ ഇൻസ്റ്റിറ്റ്യുട്ടിന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങൾ</u>

*272 ശ്രീ. അൻവർ സാദത്ത്
,, വി.റ്റി. ബൽറാം
,, ഷാഫി പറമ്പിൽ
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള കേരള സർവ്വ വിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങൾ നടന്ന് വരുന്നുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ആയതിൻ പ്രകാരം കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്കരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇൻസ്റ്റിറ്റ്യൂട്ടിന്റെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള എല്ലാ കരാർ ജീവനക്കാരേയും സ്ഥിരപ്പെടുത്തുന്ന കാര്യം പരിഗണിക്കാമോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 20.06.2014–ലെ മറുപടിക്ക്

<u>പ്രധാനവിളകളുടെ ഉല്പാദനത്തിൽ കുറവ്</u>

*273 ശ്രീ. കെ. വി. വിജയദാസ്
ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. കെ. കെ. നാരായണൻ
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രധാന വിളകളുടെ ഉല്പാദനത്തിൽ കുറവ് സംഭവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏതെല്ലാം പ്രധാന വിളകളുടെ ഉല്പാദനത്തിലാണ് ഇടിവ് സംഭവിച്ചിട്ടുള്ളതെന്നറിയിക്കാമോ;

(സി) ഉല്പാദനത്തിൽ ഇടിവ് സംഭവിക്കാനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
# 20.06.2014–ലെ മറുപടിക്ക്

<u>ഇന്ദിരാ ആവാസ് യോജന ഫണ്ട്</u>

*274 ശ്രീമതി. പി. അയിഷാ പോറ്റി
ശ്രീ. എ.കെ. ബാലൻ
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. പി.റ്റി.എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇന്ദിരാ ആവാസ് യോജന നടത്തിപ്പിന് 2011–12 മുതൽ 2013–14 വരെയുള്ള കാലഘട്ടത്തിൽ ഗുണഭോക്താക്കൾക്ക് നൽകേണ്ട ബാക്കി തുകയും വരുന്ന വർഷം ആവശ്യമുള്ള തുകയും പദ്ധതി വിഹിതത്തിൽ നിന്നും കണ്ടെത്താൻ ബ്ലോക്ക് പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ബ്ലോക്ക് പഞ്ചായത്തിന് ലഭ്യമാകുന്ന ഫണ്ടുകളെല്ലാം ഇന്ദിരാ ആവാസ് യോജന നടത്തിപ്പിനായി നീക്കിവയ്ക്കണമെന്ന തരത്തിലുള്ള നിർദ്ദേശം ബ്ലോക്ക് പഞ്ചായത്തിന്റെ പ്രവർത്തനത്തെ തടസ്സപ്പെടുത്തിയിരിക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) ഇന്ദിരാ ആവാസ് യോജന പ്രകാരം ഗുണഭോക്താക്കൾക്ക് നൽകുന്ന ആനുകൂല്യം വർദ്ധിപ്പിച്ചതനുസരിച്ച് ബ്ലോക്ക് പഞ്ചായത്തുകൾക്ക് പദ്ധതി വിഹിതത്തിൽ വർദ്ധനവ് വരുത്താൻ തയ്യാറാകുമോ?

## കേരള നിയമസഭ
## 20.06.2014–ലെ മറുപടിക്ക്

<u>തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പിന് മാർഗ്ഗനിർദ്ദേശം</u>

*275 ശ്രീ. ബാബു എം. പാലിശ്ശേരി
,, എം. എ. ബേബി
,, എം. ചന്ദ്രൻ
,, എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പ് ഖേദകരമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതിയെ സംബന്ധിച്ച് നൽകിയിരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ തൊഴിൽ ദിനങ്ങൾ വൻതോതിൽ കുറയ്ക്കുവാൻ ഇടയാക്കുന്നവയാണ് എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) ഇപ്പോൾ പുറപ്പെടുവിച്ചിരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളിൽ മാറ്റം വരുത്താൻ തയ്യാറാകുമോ?

# കേരള നിയമസഭ
# 20.06.2014–ലെ മറുപടിക്ക്

## നഗരങ്ങളിലെ മാലിന്യ സംസ്കരണം

*276 ശ്രീ. സി. പി. മുഹമ്മദ്
,, വര്‍ക്കല കഹാര്‍
,, ഐ. സി. ബാലകൃഷ്ണന്‍
,, വി. പി. സജീന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നഗരങ്ങളില്‍ ആധുനിക മാലിന്യ സംസ്കരണ പ്ലാന്റുകള്‍ സ്ഥാപിക്കാന്‍ എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) പ്രസ്തുത പ്ലാന്റുകളുടെ സവിശേഷതകള്‍ എന്തെല്ലാം; വിശദമാക്കുമോ;

(സി) പ്രസ്തുത പ്ലാന്റുകളുടെ പ്രവര്‍ത്തനത്തിനുള്ള ടെണ്ടര്‍ നടപടികള്‍ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത പ്ലാന്റുകളില്‍നിന്ന് വൈദ്യുതി ഉത്പ്പാദിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങള്‍ ലഭ്യമാക്കുമോ;

(ഇ) എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉത്പ്പാദിപ്പിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>തരിശ് നിലം കൃഷിയോഗ്യമാക്കി മാറ്റുന്ന പദ്ധതി</u>

*277 ശ്രീ. കെ. ശിവദാസൻ നായർ
,, പി. സി. വിഷ്ണുനാഥ്
,, ലൂഡി ലൂയിസ്
,, എം. എ. വാഹിദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തരിശ് നിലം കൃഷിയോഗ്യമാക്കി മാറ്റുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത് ആരെല്ലാമാണ്; വിശദമാക്കുമോ;

(ഡി) പദ്ധതി നടപ്പിലാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 20.06.2014-ലെ മറുപടിക്ക്

<u>നെല്ലിന്റെ താങ്ങുവില വർദ്ധനവ്</u>

*278 ശ്രീ. സി. കെ. സദാശിവൻ
,, എം. ചന്ദ്രൻ
,, വി. ചെന്താമരാക്ഷൻ
,, ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം നെല്ലിന്റെ താങ്ങുവിലയിൽ വരുത്തിയിട്ടുള്ള വർദ്ധനവിനെ സംബന്ധിച്ച് വിശദമാക്കാമോ;

(ബി) ഏറ്റവും ഒടുവിലത്തെ രാസവളവിലവർദ്ധന, കൂലി വർദ്ധന എന്നിവയുമായി തട്ടിച്ചുനോക്കുമ്പോൾ താങ്ങുവിലയിൽ വരുത്തിയ വർദ്ധനവ് തൃപ്തികരമാണോ;

(സി) നെൽകൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനായി നെല്ലിന്റെ താങ്ങുവില കാലോചിതമായി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>സമഗ്ര പോഷകാഹാര നയം</u>

*279 ശ്രീ. ജോസഫ് വാഴക്കൻ
,, സി. പി. മുഹമ്മദ്
,, ബെന്നി ബെഹനാൻ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സമഗ്ര പോഷകാഹാര നയം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് ദീർഘകാലാടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) പോഷകാഹാരത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുവാൻ വിദ്യാഭ്യാസ വകുപ്പിനോട് നിർദ്ദേശിക്കുമോ;

(ഡി) സമഗ്ര പോഷകാഹാര പദ്ധതിയുടെ വിജയത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഏതുരീതിയിൽ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>കുടുംബശ്രീക്ക് അനുവദിച്ചിട്ടുള്ള ഫണ്ടുകൾ</u>

*280 പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. എ. കെ. ബാലൻ
,, എം. ഹംസ
,, കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീയുടെ പ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുള്ള ഫണ്ടുകളെ സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ;

(ബി) ഫണ്ട് അനുവദിക്കുന്നതിൽ കാലാനുസൃതമായ വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന് കരുതുന്നുണ്ടോ;

(സി) ദേശീയ ഗ്രാമീണ ഉപജീവന മിഷൻ ഫണ്ടിൽനിന്നും കുടുംബശ്രീക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ഡി) ഫണ്ട് ലഭ്യതയുടെ അപര്യാപ്തതമൂലം വിവിധ കുടുംബശ്രീ യൂണിറ്റുകൾ കടക്കെണിയിലായിരിക്കുന്നതായ സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ ?

# കേരള നിയമസഭ
## 20.06.2014–ലെ മറുപടിക്ക്

<u>അനാഥാലയങ്ങളുടെ പ്രവര്‍ത്തനം സംബന്ധിച്ച നിബന്ധനകള്‍</u>

*281 ശ്രീ. കെ. കുഞ്ഞിരാമന്‍ (ഉദുമ)
,, എളമരം കരീം
ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ അനാഥാലയങ്ങളുടെ പ്രവര്‍ത്തനം സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ; അനാഥാലയങ്ങളുടെ പ്രവര്‍ത്തനം സംബന്ധിച്ച് പൊതുവില്‍ ഉയര്‍ന്നുവന്ന ആക്ഷേപങ്ങളെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ?

(ബി) ഇവയുടെ പ്രവര്‍ത്തനം സംബന്ധിച്ച് നിബന്ധനകള്‍ ഏര്‍പ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) നിബന്ധനകള്‍ക്ക് വിരുദ്ധമായി പ്രവര്‍ത്തിച്ച സ്ഥാപനങ്ങളുടെ അംഗീകാരം റദ്ദാക്കുകയുണ്ടായിട്ടുണ്ടോ; അംഗീകാരം ഇല്ലാതെയും നിബന്ധനകള്‍ ലംഘിച്ചും സംസ്ഥാനത്ത് പ്രവര്‍ത്തിച്ചുവരുന്ന അനാഥാലയങ്ങള്‍ സംബന്ധിച്ച നിലപാട് വിശദമാക്കാമോ;

(ഡി) മതനിരപേക്ഷ അടിസ്ഥാനത്തില്‍ അനാഥാലയങ്ങള്‍ പ്രവര്‍ത്തിപ്പിക്കണം എന്ന നിര്‍ദ്ദേശത്തെക്കുറിച്ചുള്ള അഭിപ്രായം വെളിപ്പെടുത്താമോ?

## കേരള നിയമസഭ
## 20.06.2014–ലെ മറുപടിക്ക്

<u>സഹസ്രസരോവർ പദ്ധതി</u>

*282 ശ്രീ. കെ. രാജു
,, സി. ദിവാകരൻ
,, വി. ശശി
,, ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന ചിറകളും കുളങ്ങളും നവീകരിച്ച് ജലസേചനത്തിന് ഉപയുക്തമാക്കാൻ രൂപീകരിച്ച സഹസ്ര സരോവർ പദ്ധതി ആവിഷ്ക്കരിച്ചതെന്നാണ് ;

(ബി) എത്ര കോടിയുടെ അടങ്കൽ പദ്ധതിയ്ക്കാണ് രൂപം നല്കിയത് ; ഇതിൽ കേന്ദ്രസഹായം എത്രയായിരുന്നു; പ്രസ്തുത കേന്ദ്രസഹായം ലഭിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നിശ്ചയിച്ചിരുന്ന നിബന്ധനകൾ എന്തെല്ലാം ;

(ഡി) സംസ്ഥാനത്ത് നശിച്ചുകൊണ്ടിരിക്കുന്ന ചിറകളും കുളങ്ങളും പുന:രുദ്ധരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ?

## കേരള നിയമസഭ
## 20.06.2014–ലെ മറുപടിക്ക്

നഗരങ്ങളുടെയും പട്ടണങ്ങളുടെയും വികസനം

*283 ശ്രീ. എൻ.എ. നെല്ലിക്കുന്ന്
,, വി.എം. ഉമ്മർ മാസ്റ്റർ
,, സി. മമ്മൂട്ടി
,, സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളുടെയും, പട്ടണങ്ങളുടെയും വികസനവുമായി ബന്ധപ്പെട്ട് തയ്യാറാക്കുന്ന മാസ്റ്റർ പ്ലാനുകളുടെ കാര്യത്തിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള പ്രായോഗിക നടപടികൾക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) പ്രദേശവാസികളെ തുടക്കംമുതൽ ഇക്കാര്യത്തിൽ വിശ്വാസത്തിലെടുക്കാനും, എതിർപ്പുകൾ ഇല്ലാതാക്കാനും എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>അനാഥാലയങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ</u>

*284 ശ്രീ. ഇ. കെ. വിജയൻ
,, വി. എസ്. സുനിൽ കുമാർ
ശ്രീമതി ഗീതാ ഗോപി
ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശോചനീയമായ അവസ്ഥയിലുള്ള അനാഥാലയങ്ങളുണ്ടോ; വിശദാംശം നൽകുമോ;

(ബി) സംസ്ഥാനത്തുള്ള അനാഥാലയങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(സി) ശ്രീചിത്രാ പുവർഹോം നവീകരിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം നിർദ്ദേശങ്ങളാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 20.06.2014–ലെ മറുപടിക്ക്

<u>'പാര്‍ട്ട്ണര്‍ കേരള' നിക്ഷേപക സംഗമം</u>

*285 ശ്രീ. പി. ബി. അബ്ദുള്‍ റസാക്
,, എന്‍. ഷംസുദ്ദീന്‍
,, അബ്ദുറഹിമാന്‍ രണ്ടത്താണി
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 'പാര്‍ട്ട്ണര്‍ കേരള' എന്ന പേരില്‍ സംഘടിപ്പിച്ച നിക്ഷേപകസംഗമത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ വിശദമാക്കുമോ;

(ബി) ഇതില്‍ എത്ര പദ്ധതികള്‍ സമര്‍പ്പിക്കപ്പെട്ടു എന്നും എത്ര പദ്ധതികള്‍ ഏറ്റെടുക്കുന്നതിനായി നിക്ഷേപകര്‍ സമ്മതപത്രം ഒപ്പിട്ടു എന്നും എന്തുതുകയ്ക്കുള്ള പദ്ധതികള്‍ ഏറ്റെടുത്തു എന്നുമുള്ള വിശദവിവരം നല്‍കുമോ;

(സി) പ്രസ്തുത പദ്ധതികള്‍ സമയബന്ധിതമായി നടപ്പാക്കാന്‍ എന്തൊക്കെ സംവിധാനങ്ങളാണ് ഏര്‍പ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) ഈ പദ്ധതികള്‍ എന്നത്തേക്ക് പ്രവര്‍ത്തിച്ചു തുടങ്ങാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത്?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>വിദ്യാഭ്യാസ വായ്പയെടുക്കുന്ന കുടുംബങ്ങൾക്ക് ആനുകൂല്യങ്ങൾ</u>

*T286 ശ്രീ. സി. കൃഷ്ണൻ
ശ്രീമതി കെ. കെ. ലതിക
'' പി. അയിഷാ പോറ്റി
ശ്രീ. കെ.വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബാങ്കുകളിൽ നിന്നും വിദ്യാഭ്യാസ വായ്പയെടുത്ത വിദ്യാർത്ഥികളും കുടുംബങ്ങളും നേരിടുന്ന പ്രയാസങ്ങളും ജപ്തിഭീഷണികളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിദ്യാഭ്യാസ വായ്പയെടുക്കുന്ന കുടുംബങ്ങൾക്ക് പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ എന്തെല്ലാമായിരുന്നു; ഇത് നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(സി) ബി.പി.എൽ കുടുംബങ്ങൾക്ക് പ്രഖ്യാപിച്ചിരുന്ന വിദ്യാഭ്യാസ വായ്പ സബ്സിഡി യഥാസമയം നൽകാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) വിദ്യാഭ്യാസ വായ്പയെടുത്തതിന്റെ പേരിൽ ജപ്തി ഭീഷണിയും പോലീസ് കേസും നേരിടുന്ന കുടുംബങ്ങളെ സഹായിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 20.06.2014–ലെ മറുപടിക്ക്

<u>മാസ്റ്റർ ഷെഫീക്ക് കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ</u>

*287 ശ്രീ. കെ. അജിത്
,, പി. തിലോത്തമൻ
,, ജി. എസ്. ജയലാൽ
,, മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കുട്ടികൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതു സംബന്ധിച്ചുള്ള മാസ്റ്റർ ഷെഫീക്ക് കമ്മിറ്റി റിപ്പോർട്ട് അംഗീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ശുപാർശകൾ നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ ഇതുവരെ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) എല്ലാ സ്കൂളുകളിലും പരാതിപ്പെട്ടി സ്ഥാപിക്കുന്നതിനും, 'ഔവർ റസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ' സംവിധാനം സ്കൂളുകളിൽ രൂപീകരിക്കുന്നതിനും നടപടികളായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

## കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

**കര്‍ഷകര്‍ക്ക് പലിശ രഹിത വായ്പ**

*288 ശ്രീ. റോഷി അഗസ്റ്റിന്‍
ഡോ. എന്‍. ജയരാജ്
ശ്രീ. പി. സി. ജോര്‍ജ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കര്‍ഷകര്‍ക്ക് പലിശ രഹിത വായ്പ നല്‍കുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കില്‍ പദ്ധതിയുടെ വിശദാംശങ്ങള്‍ നല്‍കുമോ;

(ബി) പ്രസ്തുത വായ്പാ പദ്ധതിയില്‍ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് നിഷ്ക്കര്‍ഷിച്ചിട്ടുള്ള മാനദണ്ഡങ്ങള്‍ എന്തെല്ലാമാണ്;

(സി) നിലവില്‍ കാര്‍ഷിക വായ്പയെടുത്ത് തിരിച്ചടവ് മുടങ്ങിയിട്ടുള്ള കര്‍ഷകര്‍ക്ക് പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ലഭിക്കുമോ; ഇല്ലെങ്കില്‍ ഇക്കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 20.06.2014–ലെ മറുപടിക്ക്

<u>പ്രകൃതി വിഭവങ്ങളുടെ വിവരശേഖരണം</u>

*289 ശ്രീ. പി. ഉബൈദുള്ള
,, കെ. എം. ഷാജി
,, കെ. എൻ. എ. ഖാദർ
,, എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പുരോഗതിക്ക് ഉപയോഗപ്പെടുത്താവുന്ന പ്രകൃതി വിഭവങ്ങൾ ഏതൊക്കെയെന്നും അവ എത്രത്തോളം സംസ്ഥാനത്ത് ലഭ്യമാണെന്നതും സംബന്ധിച്ച് ആസൂത്രണവുമായി ബന്ധപ്പെടുത്തി വിവരശേഖരണം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് വിശദവിവരം നൽകുമോ;

(സി) പരിസ്ഥിതിക്ക് ഗുരുതര പ്രത്യാഘാതമുണ്ടാക്കാത്ത വിധം ഇവയുടെ ചൂഷണം ഏതുവിധം നടത്താമെന്നതും, ലാഭകരമായ വിധം ഉപയോഗപ്പെടുത്താമെന്നതും സംബന്ധിച്ച് മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശം നൽകാമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>കുളമ്പുരോഗം നേരിടുന്നതിന് പ്രതിരോധ പ്രവർത്തനങ്ങൾ</u>

*290 ശ്രീമതി ജമീലാ പ്രകാശം
ശ്രീ. മാത്യു റ്റി. തോമസ്
,, ജോസ് തെറ്റയിൽ
,, സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷം വ്യാപകമായി ഉണ്ടായ കുളമ്പുരോഗം നേരിടുന്നതിന് എന്തെല്ലാം പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) കുളമ്പുരോഗംമൂലം പശുക്കൾ ചത്തൊടുങ്ങിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) കുളമ്പുരോഗം മൂലം പശുക്കൾ നഷ്ടപ്പെട്ടിട്ടുള്ള കർഷകർക്ക് മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ വകുപ്പുകളും മിൽമയും നൽകുമെന്ന് പറഞ്ഞിരുന്ന നഷ്ടപരിഹാരം എത്ര ക്ഷീരകർഷർക്ക് നൽകിയിട്ടുണ്ടെന്നു വ്യക്തമാക്കാമോ; ഇതിനുവേണ്ടി എത്ര തുക ചെലവഴിച്ചുവെന്നു വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>കാർഷികോല്പന്നങ്ങളുടെ ഉല്പാദനചെലവ്</u>

*291 ശ്രീ. ജെയിംസ് മാത്യു
,, എളമരം കരീം
,, എം. ഹംസ
,, രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷികോല്പന്നങ്ങളുടെ ഉല്പാദന ചെലവിലെ വർദ്ധനയും വിലനിലവാരത്തകർച്ചയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിപണി വികസനം ശക്തിപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സംസ്ഥാനത്തെ വിപണികളുടെ അടിസ്ഥാനസൗകര്യം വർദ്ധിപ്പിക്കുന്നതിനും വിലനിലവാരം പിടിച്ചുനിർത്തുന്നതിനുമായി 2007-08 വാർഷിക പദ്ധതിയിൽ തുടക്കം കുറിച്ച പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥയെന്താണ്; ഈ പദ്ധതി പ്രകാരം ഇക്കഴിഞ്ഞ വർഷം എന്തെല്ലാം പ്രവർത്തനങ്ങളാണ് ഏറ്റെടുത്ത് നടപ്പാക്കിയിട്ടുള്ളതെന്നറിയിക്കാമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>ഇടുക്കി പാക്കേജ്</u>

*292 ശ്രീ. എം. എ. ബേബി
,, കെ. കെ. ജയചന്ദ്രൻ
,, എസ്. രാജേന്ദ്രൻ
,, കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇടുക്കി പാക്കേജ് നടപ്പാക്കിയതിന്റെ ഫലമായി ഇടുക്കി ജില്ലയിലെ കാർഷിക മേഖലയിൽ എന്തെല്ലാം ഗുണപരമായ മാറ്റങ്ങളാണ് ഉണ്ടായതെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) പാക്കേജ് നടപ്പാക്കുന്നതിൽ വേണ്ടത്ര വിജയിക്കാതിരുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ;

(സി) എന്തെല്ലാം പ്രതിബന്ധങ്ങളാണ് പാക്കേജിന്റെ നടത്തിപ്പിനിടയിൽ നേരിടേണ്ടിവന്നതെന്നറിയിക്കാമോ; ഇത് പരിഹരിക്കാൻ നടപടി സ്വീകരിച്ചിരുന്നോ;

(ഡി) ഇടുക്കി പാക്കേജിന്റെ കാലാവധി നീട്ടണമെന്ന ആവശ്യത്തിന്മേൽ സ്വീകരിച്ച തുടർനടപടി സംബന്ധിച്ച് വിശദമാക്കാമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

ഇൻകം ഗ്യാരന്റി സ്കീം പ്രകാരമുള്ള ഇൻഷ്വറൻസ് പദ്ധതി

*293 ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ
,, സി. മമ്മൂട്ടി
,, സി. മോയിൻകുട്ടി
,, എൻ.എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിൽ, ചെറുകിട കർഷകന് തന്റെ ഉല്പന്നത്തിന് ന്യായമായ ലാഭം ഉറപ്പുവരുത്തുന്നതിന് ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികളെ സംബന്ധിച്ച് വിശദമാക്കുമോ;

(ബി) ഇൻകം ഗ്യാരന്റി സ്കീം പ്രകാരമുള്ള ഇൻഷ്വറൻസ് പദ്ധതിയുടെ രൂപീകരണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) ഏതൊക്കെ വിളകളെ പ്രസ്തുത പദ്ധതിയിൻ കീഴിൽ കൊണ്ടുവരണമെന്നകാര്യം തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

**കേരള നിയമസഭ**
**20.06.2014-ലെ മറുപടിക്ക്**

<u>പൊതു-സ്വകാര്യ പങ്കാളിത്തം</u>

*294 ഡോ. ടി.എം. തോമസ് ഐസക്
ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, പി. ശ്രീരാമകൃഷ്ണൻ
,, സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതു-സ്വകാര്യ പങ്കാളിത്തം ത്വരിതപ്പെടുത്തുന്നതിന് പ്രത്യേക ബോർഡ് രൂപീകരിക്കാൻ ആസൂത്രണബോർഡ് ശുപാർശ ചെയ്തിട്ടുണ്ടോ;

(ബി) പൊതു സ്വകാര്യ പങ്കാളിത്തത്തിന് നിലവിൽ അനുവർത്തിച്ച് വരുന്ന സംവിധാനം എന്താണ്;

(സി) ഇതിന് വിരുദ്ധമായ നിർദ്ദേശങ്ങൾ ആസൂത്രണ ബോർഡിന്റെ ശുപാർശയിൽ അടങ്ങിയിട്ടുണ്ടോ;

(ഡി) ശുപാർശ സംബന്ധിച്ച് സർക്കാർ നിലപാട് സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ഇ) പൊതുസ്വകാര്യപങ്കാളിത്ത മേഖലയിൽ നിന്നും പ്രത്യേകമായി ഒഴിച്ച് നിർത്തിയിട്ടുള്ള വിഭാഗങ്ങൾ ഏതൊക്കെയാണ്?

# കേരള നിയമസഭ
## 20.06.2014–ലെ മറുപടിക്ക്

<u>മൈക്രോലെവൽ സോയിൽ ഇൻഫർമേഷൻ സിസ്റ്റം</u>

*295 ശ്രീ. എം.എ. വാഹീദ്
,, സണ്ണി ജോസഫ്
,, റ്റി.എൻ. പ്രതാപൻ
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൈക്രോലെവൽ സോയിൽ ഇൻഫർമേഷൻ സിസ്റ്റം സ്ഥാപിക്കാൻ പദ്ധതിയുണ്ടോ;

(ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) കർഷകർക്ക് ആധുനിക സാങ്കേതിക വിദ്യയിലൂടെ ഭൂവിവരം ലഭ്യമാക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>മുനിസിപ്പാലിറ്റികളുടെ മാസ്റ്റർപ്ലാൻ</u>

*296 ശ്രീ. ഷാഫി പറമ്പിൽ
,, പി. സി. വിഷ്ണുനാഥ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പാലിറ്റികളുടെ മാസ്റ്റർപ്ലാൻ തയ്യാറാക്കാൻ പദ്ധതി രൂപികരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എത്ര മുനിസിപ്പാലിറ്റികളാണ് പ്രസ്തുത പദ്ധതി അനുസരിച്ച് നടപടികൾ സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

## കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>കാലിവളർത്തലിൽ തൽപര്യക്കുറവ്</u>

*297 ശ്രീ. എൻ. ഷംസുദ്ദീൻ
,, അബ്ദുറഹിമാൻ രണ്ടത്താണി
,, കെ. മുഹമ്മദുണ്ണിഹാജി
,, പി.ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമ പ്രദേശങ്ങളിൽപ്പോലും വീടുകളിൽ വളർത്തുമൃഗങ്ങളെ വളർത്തി പരിപാലിക്കുന്നതിൽ താല്പര്യം കുറഞ്ഞുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിനുള്ള കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് പാലുൽപ്പാദനത്തിന് ഫാമുകളിലല്ലാതെ വളർത്തുന്ന കാലി സമ്പത്തിന്റെ കണക്കെടുത്തിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ?

## കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>നഗരങ്ങളിലെ മലിനജല സംസ്ക്കരണം</u>

*298 ശ്രീ. ബെന്നി ബെഹനാൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, സണ്ണി ജോസഫ്
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിലെ മലിനജലം സംസ്ക്കരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) നഗരങ്ങളിൽ മലിനജല സംസ്ക്കരണ പ്ലാന്റുകൾ നിർമ്മിക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ;

(സി) ഏതുപദ്ധതിയുടെ ഭാഗമായാണ് ഇത് നടപ്പാക്കാനുദ്ദേശിക്കുന്നത് ;

(ഡി) ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത പദ്ധതിക്ക് സഹായം നൽകുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം :

(ഇ) പദ്ധതിക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ?

# കേരള നിയമസഭ
# 20.06.2014–ലെ മറുപടിക്ക്

<u>കേന്ദ്ര സർക്കാരിന്റെ സാമൂഹിക – സാമ്പത്തിക –ജാതി സെൻസസ്</u>

*299 ശ്രീ. സി. ദിവാകരൻ
ശ്രീമതി. ഇ.എസ്. ബിജിമോൾ
ശ്രീ. കെ. അജിത്
,, ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പുമുഖേനയുള്ള കേന്ദ്ര സർക്കാരിന്റെ സാമൂഹിക – സാമ്പത്തിക – ജാതിസെൻസസിന്റെ കരട് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ആക്ഷേപങ്ങൾ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി എന്നാണ്;

(ബി) ആക്ഷേപങ്ങൾ സമർപ്പിക്കുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഗ്രാമപഞ്ചായത്തുകൾ മുഖേനയുള്ള പ്രസ്തുത പ്രവർത്തനങ്ങൾക്ക് വേണ്ടത്ര സൗകര്യം ഏർപ്പെടുത്തിയിട്ടില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 20.06.2014–ലെ മറുപടിക്ക്

**<u>പത്രങ്ങൾക്ക് സർക്കാർ പരസ്യങ്ങൾ നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ</u>**

*300 ശ്രീ. റ്റി. വി. രാജേഷ്
,, ജി. സുധാകരൻ
,, വി. ശിവൻകുട്ടി
,, കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പത്രങ്ങൾക്ക് സർക്കാർ പരസ്യങ്ങൾ നൽകുന്നതിന് അനുവർത്തിച്ച് വരുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(ബി) പരസ്യനിരക്കിനെ സംബന്ധിച്ച കണക്കുകൾ ലഭ്യമാണോ; എങ്കിൽ അവ നൽകാമോ;

(സി) അംഗീകൃത നിരക്കുകളേക്കാൾ അധികം തുക പരസ്യത്തിനായി ഏതെങ്കിലും പ്രത്യേക പത്രങ്ങൾക്ക് നൽകാറുണ്ടോ; ഏതെല്ലാം സാഹചര്യങ്ങളിലാണ് അധികം തുക നൽകാറുള്ളത് എന്നറിയിക്കാമോ;

(ഡി) ഈ വർഷം ഏതെല്ലാം പരസ്യങ്ങൾ ഏതെല്ലാം പത്രങ്ങൾക്ക് എത്ര ശതമാനം അധിക തുക നൽകിക്കൊണ്ട് പ്രസിദ്ധപ്പെടുത്തുകയുണ്ടായിട്ടുണ്ടെന്നതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2014 ജൂൺ 11.

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ എത്തിച്ചിരിക്കേണ്ടതാണ്. [ചട്ടം 47(1)]

‘T’ ഇന്നത്തേയ്ക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.